20 രൂപ കൊടുക്കേണ്ട പ്രശ്നവുമുണ്ട്. ബഹുമാന്യനായ സംസ്ഥാന റെയിൽവേ വകുപ്പുമന്ത്രി ഇത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി ഇക്കാര്യത്തിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): സർ, കേന്ദ്രഗവൺമെന്റിന്റെ ദൃഷ്ടിയിൽ ഇക്കാര്യം കൊണ്ടുവന്നതിന്റെ ഫലമായി ചെന്നൈ ആസ്ഥാനമായ സതേൺ റെയിൽവേയുടെ ജനറൽ മാനേജർ അദ്ദേഹത്തിന്റെ discretionary power ഉപയോഗിച്ച് കേരളത്തിനുവേണ്ടി മാത്രം തിരുവനന്തപുരത്തുനിന്ന് പുറപ്പെടുന്നതും തിരുവനന്തപുരത്ത് എത്തിച്ചേരുന്നതുമായ ഒമ്പത് ട്രെയിനുകളുടെ ഏതാനും കോച്ചുകൾ ഡീ-റിസർവ് ചെയ്തു. 16382-ാം നമ്പർ കന്യാകുമാരി-ബോംബെ-സി.എസ്.ടി. എക്സ്പ്രസ്സിൽ കന്യാകുമാരി മുതൽ എറണാകുളം ടൗൺ വരെ S5, S6, S7, S8 എന്നീ കോച്ചുകളും എറണാകുളം മുതൽ പാലക്കാടുവരെ S9, S10 എന്നീ കോച്ചുകളും ഡീ-റിസർവ് ചെയ്തു. അതുപോലെ കന്യാകുമാരി-ബാംഗ്ലൂർ ട്രെയിനും മലബാർ എക്സ്പ്രസ്സിന്റെ ഏതാനും കോച്ചുകളും തിരുവനന്തപുരം-ചെന്നൈ മെയിലിൽ എറണാകുളം ടൗൺ വരെയും ആലപ്പുഴ-ധൻബാദ് എക്സ്പ്രസ്സ്, തിരുവനന്തപുരം-ഹൈദ്രാബാദ്, മംഗലാപുരം-തിരുവനന്തപുരം, ചെന്നൈ-തിരുവനന്തപുരം പോലുള്ള ഒമ്പത് ട്രെയിനുകളിൽ ഏതാനും കോച്ചുകൾ ഡീ-റിസർവ് ചെയ്തു. എത്ര ദൂരമാണെങ്കിലും മിനിമം ചാർജ്ജ് 115 രൂപയും റിസർവേഷൻ ചാർജ്ജ് 20 രൂപയുമുൾപ്പെടെ ആകെ 135 രൂപയാണ്. എന്നാൽ ഇപ്പോൾ സതേൺ റയിൽവേ കേരളത്തിൽ മാത്രം തിരുവനന്തപുരവുമായി ബന്ധപ്പെട്ടുകൊണ്ട് ഇത്തരം ട്രെയിനുകളിൽ ഈ കോച്ചുകളിൽ റിസർവ്വേഷൻ ചാർജ്ജ് വേണ്ടെന്ന് തീരുമാനിക്കുകയും നിശ്ചിതദൂര സർവ്വീസുള്ള ആളുകൾക്കും സീസൺ ടിക്കറ്റുകാർക്കും ഇതിൽ യാത്ര ചെയ്യാമെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് ബാക്കിയുള്ള ട്രെയിനുകളിൽകൂടി ബാധകമാക്കണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെടുന്നത്. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതാണ്.

12. പുതിയ ഹി.ജി. കോളേജുകൾ

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, കേരളത്തിലെ ഏറ്റവും പ്രബലമായ കോളേജുകളിൽ ഒന്നാണ് പാലക്കാട് വിക്ടോറിയ കോളേജ്. ദേശീയ ഭാഷയെയും മാതൃഭാഷയെയും സംബന്ധിച്ചിടത്തോളം ഇത്തരമൊരു കോളേജിൽ കുട്ടികൾക്ക് ദ്വിതീയാനന്തരദ്വിതീയം പഠിക്കാൻ അവസരമില്ല എന്നുള്ളത് വളരെ ഖേദകരമാണ്. അവിടെ എം.എ. - ഹിന്ദിയും മലയാളവും ഇല്ല. ഭരണഭാഷയായും ശ്രേഷ്ഠഭാഷയായും മലയാളത്തെ നമ്മൾ തെരഞ്ഞെടുത്തു. അതിൽ എല്ലാവർക്കും ആഹ്ലാദമുണ്ടെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികൾക്ക് പഠിക്കാൻ അവസരം ലഭിക്കുന്നില്ല. കോഴിക്കോട് സർവ്വകലാശാലയിൽ നിന്നും ഓരോ വർഷവും 200 കുട്ടികൾ വീതം ബി.എ. ഹിന്ദി പാസ്സാകുന്നുണ്ട്; ആ കുട്ടികൾക്ക് പഠിക്കാൻ നിലവിലുള്ള സീറ്റുകളുടെ ആകെ എണ്ണം 40 ആണ്. അതുകൊണ്ട് എം.എ. ഹിന്ദിയും മലയാളവും ആരംഭിക്കാൻ അടിയന്തരമായി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടപടികൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ വെങ്കലനാദവും സ്ഫടികംപോലുള്ള മനസ്സുമായി കർണ്ണാടക സംഗീതത്തിന് വലിയ സംഭാവന നൽകിയ ചെമ്പൈയുടെ പേരിലുള്ള ചെമ്പൈ സംഗീത കോളേജിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ വളരെ കുറവാണ്. അവിടെ എം.എ. - വോക്കൽ മാത്രമാണ് കുട്ടികളെ പഠിപ്പിക്കുന്നത്. മണി അയ്യരുടെ നാടാണ് പാലക്കാട് എന്നുള്ളത് നമുക്കെല്ലാമറിയാം. അവിടെ എം.എ. - മൃദംഗം പഠിക്കാൻ കുട്ടികൾക്ക് അവസരമില്ല. അവിടത്തെ ഒരു പ്രത്യേകത എം.എ. കോഴ്സുകൾ (വയലിൻ, വീണ, മൃദംഗം) ആരംഭിക്കുന്നതിന് ഒരു രൂപ പോലും സർക്കാരിന് അധിക ബാധ്യത വരുന്നില്ല എന്നുള്ളതും ഒരു പോസ്റ്റുപോലും പുതിയതായി ക്രിയേറ്റ് ചെയ്യപ്പെടേണ്ടി വരുന്നില്ല എന്നുള്ളതും വസ്തുതയാണ്. ഈ സാഹചര്യം പരിഗണിച്ച് ഈ സ്ഥാപനങ്ങളിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ അനുവദിക്കുന്നതിന് അടുത്ത അദ്ധ്യയനവർഷമാകുമ്പോഴേയ്ക്കും ഗവൺമെന്റ് അനുകൂലമായ ഒരു തീരുമാനമെടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, 2014-15 അദ്ധ്യയന വർഷം സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് വിശദമായ ശിപാർശ കോളേജ് വിദ്യാഭ്യാസ വകുപ്പ് സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത ശിപാർശയിൽ ഗവൺമെന്റ് വിക്ടോറിയ കോളേജിൽ എം.എ.-ഹിന്ദി, മലയാളം, തമിഴ് എന്നീ കോഴ്സുകളും ചെമ്പൈ സംഗീത കോളേജിൽ എം.എ. - വീണ, വയലിൻ, മൃദംഗം എന്നീ കോഴ്സുകളും അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ കർശന സാമ്പത്തിക അച്ചടക്കം നിലവിലുള്ളതിനാൽ 2015-ൽ അവശ്യകതാപഠനം നടത്തിയതിനു ശേഷം ശിപാർശ വീണ്ടും പരിഗണനയ്ക്കായി സമർപ്പിക്കാനാണ് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരിക്കുന്നത്. പാവപ്പെട്ട വിദ്യാർത്ഥികളുടെ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സർക്കാരിന്റെ സാമ്പത്തിക ബാധ്യത കണക്കിലെടുക്കാതെ തന്നെ നിരവധി നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ-എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ നിലവിലില്ലാതിരുന്ന നിയമസഭാ മണ്ഡലങ്ങളിലുൾപ്പെടെ 18 പുതിയ സർക്കാർ കോളേജുകളും നാല് എയ്ഡഡ് കോളേജുകളും ആരംഭിച്ചിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് നിലവിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ കൂടുതൽ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly